WEDNESDAY 06/05/2026 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 06/05/2026

1. കർഷകരുടെ തോട്ടങ്ങളിലെ മണ്ണ് സാമ്പിൾ പരിശോധിച്ച് തയ്യാറാക്കുന്ന "മണ്ണാരോഗ്യ കാർഡുകൾ" കർഷകർക്ക് മണ്ണറിഞ്ഞ് കൃഷി ചെയ്യാൻ സഹായകമാണ്. കൃഷിഭവനുകളുമായി സഹകരിച്ച് മണ്ണ് പര്യവേക്ഷണ വിഭാഗത്തിന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലെയും, ബ്ലോക്കുകളിലെയും, മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ക്യാമ്പയിനുകൾ നടത്തുന്നു. കർഷകരുടെ കൃഷിയിടങ്ങളിൽ സോയിൽസർവേ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാതൃകാപരീക്ഷണ കൃഷിത്തോട്ടം (ഡെമോൺസ്ട്രേഷൻ പ്ലോട്ട്), എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിലൂടെ കർഷകരുടെ തനതായ കാർഷിക മുറകൾ, മണ്ണ് പരിപാലന രീതികൾ, എന്നിവയെ സോയിൽ സർവേയുടെ മണ്ണ് വിശകലനത്തിനനുസരിച്ചുള്ള മണ്ണാരോഗ്യ പരിപാലനവുമായി താരതമ്യം ചെയ്യാനും. കർഷകർക്ക് ശാസ്ത്രീയമായ രാസവള പ്രയോഗവും. ജൈവവളപ്രയോഗവും വഴി മികച്ച വരുമാനവും, നല്ല വിളവും ലഭിക്കുന്നതിനും കാരണമാകുന്നു. സർക്കാർ തലത്തിലുള്ള

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിവിധ പ്രദർശന മേളകളിൽ കർഷകർക്ക് മണ്ണറിവ് പ്രദർശനവും നടത്തുന്നു. തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് കേന്ദ്ര മണ്ണ് വിശകലന ലാബിനോട് ചേർന്ന് വകുപ്പിന്റെ നേതൃത്വത്തിൽ സോയിൽ സർവേ വിഭാഗത്തിന് ഒരു മികച്ച മണ്ണ് പ്രദർശന ശാല (Soil Museum)യുണ്ട്. **"മണ്ണിനെ അറിയാം മൊബൈയിലൂടെ" "(MAM)"** എന്ന **മൊബൈൽ ആപ്പ്** വഴി **നമ്മുടെ മണ്ണിന്റെ പോഷകനില വേഗത്തിൽ അറിയാനും സാധിക്കും.** ഇതു കൂടാതെ മണ്ണ് പര്യവേക്ഷണവകുപ്പിന് സഞ്ചരിക്കുന്ന ഒരു മണ്ണ് പരിശോധന ലാബോറട്ടറിയുമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0471 2541776.

2. എല്ലാ ബുധനാഴ്ചയും കേര പദ്ധതി ഫേസ് ബുക്ക് ലൈവിലൂടെ – ഇന്ന് (06/05/2026) രാവിലെ 11 മണിക്ക് ഏലം പുനർനടീൽ നടത്തുന്ന കർഷകർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങളും മറ്റു വിവരങ്ങളും ഈലൈവിലൂടെ കർഷകർക്ക് മനസിലാക്കാം. facebook.com/profile.php?id=61585550147783 എന്ന ലിങ്ക് വഴി ലൈവിൽ പങ്കെടുക്കാം.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

3. മലപ്പുറം, തവനൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സന്തുലിത വളപ്രയോഗവും കമ്പോസ്റ്റിംഗും എന്ന വിഷയത്തിൽ ഏകദിന പരിശീലനക്ലാസ് 2026 മെയ് മാസം 8 ന് വെള്ളിയാഴ്ച രാവിലെ 10.00 മുതൽ വൈകിട്ട് 4.30 വരെ നടത്തുന്നു. താല്പര്യമുള്ളവർ മെയ് 6 ന് വൈകിട്ട് 4 മണിക്ക് മുൻപ് 8547193685 ഫോൺ നമ്പറിൽ ബന്ധപ്പെടുക. 50 സീറ്റുകൾ മാത്രമുള്ളതിനാൽ ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്ക് മുൻഗണ ഉണ്ടായിരിക്കുന്നതാണ്.

4. കേരള കാർഷിക സർവകലാശാലയിലെ ഇ-പഠന കേന്ദ്രം "CAD ഉപയോഗിച്ചുള്ള ലാൻഡ്സ്കേപ്പ് ഡിസൈനിന്റെ അടിസ്ഥാന കാര്യങ്ങൾ" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം മെയ് മാസം 11 മുതൽ 15 വരെ 2 മണി മുതൽ 5 മണി വരെ പ്രായോഗിക പരിശീലനം സംഘടിപ്പിക്കുന്നു . രജിസ്ട്രേഷൻ ഫീസ് 1000 രൂപ. രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി 2026 മെയ് 8. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487-2438565, 8547837256, 9495943875.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. **കാർഷിക നിർദേശം**

വാഴയിൽ പനാമ വാട്ടം നിയന്ത്രിക്കുന്നതിനായി വാഴക്കുഴിയിൽ 1 കി. ഗ്രാം കുമ്മായം ഇട്ടതിനു ശേഷം നടുക. രോഗബാധ കണ്ടാൽ കാർബെൻഡാസിം (2 ഗ്രാം/ ലി) മണ്ണിൽ 5 ലിറ്റർ വീതം ഒഴിച്ച് കൊടുക്കുക.

പടവലത്തിൽ കൂനൻ പുഴുവിനെ നിയന്ത്രിക്കുവാൻ ഗോമൂത്രം കാന്താരി മിശ്രിതം തളിക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 18.5 SC 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്.

മുളകിൽ വെള്ളീച്ചയുടെ ആക്രമണം തടയാൻ 2% വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിച്ച് കൊടുക്കുക.